"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- സേവനത്തിൽ നിന്നും വിരമിച്ച അസി.എഞ്ചിനീയർ ശ്രീമതി റാണി എൻ.കെ.-യ്ക്കെതിരായ അച്ചടക്ക നടപടി-തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.883/2026/LSGD തീയതി,തിരുവനന്തപുരം, 17-04-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ (RB) വകുപ്പിൽനിന്നുള്ള 02.05.2019- ലെ RB2/80/19/LSGD നമ്പർ കുറിപ്പ്.
2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 27.03.2019-ലെ CTPVIG/404/2019 നമ്പർ റിപ്പോർട്ട്.
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 29.11.2018 ലെ CTPVIG/697/2018 നമ്പർ റിപ്പോർട്ട്.
4. വിജിലൻസ് ഡയറക്ടറുടെ 11.08.21-ലെ E9 (VE 05/2019/CRE) 21494/2019 നമ്പർ റിപ്പോർട്ട്.
5. 30.05.24-ലെ 102/EW4/2019/തസ്വഭവ നമ്പർ കാരണം കാണിയ്ക്കൽ നോട്ടീസ്.
6. ശ്രീമതി റാണി എൻ.കെ. സമർപ്പിച്ച 12.08.24-ലെ മറുപടി.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04-04-2025-ലെ LSGD/PD/60945/2023-VIGC4 നമ്പർ അഭിപ്രായ റിപ്പോർട്ട്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20-09-2025-ലെ LSGD/PD/12705/2023-VIGC5 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ പരാമർശം 2, 3 പ്രകാരമുള്ളതും, വിജിലൻസ് വകുപ്പ് ഡയറക്ടറുടെ പരാമർശം 4 പ്രകാരമുള്ളതുമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, അസി.എഞ്ചിനീയറായിരുന്ന ശ്രീമതി റാണി എൻ.കെ.- യ്ക്കെതിരെ നിലവിലുണ്ടായിരുന്ന മൂന്ന് അച്ചടക്ക നടപടികൾ, ടിയാൾ 30.04.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത നടപടികൾ കൂട്ടിച്ചേർത്ത് അസി.എഞ്ചിനീയർ ശ്രീമതി റാണി എൻ.കെ.-യ്ക്കെതിരെ KSR Part III Rule 59(b) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ സ്ഥിരമായി കുറവ് ചെയ്യുന്നതിനായി പരാമർശം 5 പ്രകാരം കാരണം കാണിയ്ക്കൽ നോട്ടീസ് നല്കുകയും ചെയ്തു.

ടിയാൾക്കെതിരായ ആരോപണങ്ങൾ, ടിയാളുടെ മറുപടി എന്നിവ താഴെചേർക്കുന്നു:

**ഒന്നാമത്തെ ആരോപണം**

ചാലക്കുടി നഗരസഭയിൽ ശ്രീ.രഞ്ജിത് ജോസ്, ശ്രീ.ഷാജൻ മാത്യു എന്നിവർക്ക് കെട്ടിട നിർമ്മാണ അനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ സ്ഥലപരിശോധനയിൽ ചട്ടം 12(5), 33 എന്നിവ ലംഘിക്കുന്ന പ്ലാനിനാണ് നഗരസഭയിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ടി പെർമിറ്റിന് ശിപാർശ ചെയ്തതിന് അസി.എഞ്ചിനീയർ ശ്രീമതി റാണി N.K. ഉത്തരവാദിയാണെന്നും കണ്ടെത്തി. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് ഫയൽ നോട്ടിലും, പ്ലാനിലും രേഖപ്പെടുത്താത്തതു വഴി സർക്കാർ നിർദ്ദേശങ്ങൾ അസി.എഞ്ചിനീയർ ശ്രീമതി റാണി N.K. ലംഘിച്ചതായി CTP (Vig) കണ്ടെത്തി.

**ഒന്നാമത്തെ ആരോപണത്തിൽ കുറ്റാരോപിത സമർപ്പിച്ച മറുപടിയിൽ,** ചാലക്കുടി വില്ലേജിൽ Sy.No.445/2-ൽ പ്പെട്ട 1.21 ആർ സ്ഥലത്ത് കോമേഴ്സ്യൽ ഒക്യുപൻസിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ശ്രീ.രഞ്ജിത് ജോസ്, ശ്രീ.ഷാജൻ മാത്യു എന്നിവർ നഗരസഭയിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച documents-No.381/1/17 പ്രകാരം ടി ആധാരത്തിൽ 4396-ാം തണ്ടപ്പേര് പ്രകാരം വിൽക്കുന്ന രണ്ടാം കക്ഷിയായ കെവിന് ഉണ്ടായിരുന്ന ഒരു ആർ സ്ഥലത്തുകൂടി പെർമിറ്റ് നൽകിയിട്ടുള്ള സ്ഥലത്തേക്ക് ഗതാഗതത്തിനും, വഴി ഉപയോഗിക്കുന്നതിനും അവകാശമുള്ളതായി കാണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ Gr-II ആയ ശ്രീമതി രേഷ്മ സുധാകർ സ്ഥലപരിശോധന നടത്തി ഹാജരാക്കിയിട്ടുള്ള plan-ഉം മറ്റു രേഖകളും KMBR-99-നു വിധേയമായാണ് എന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണ അനുമതി നല്കിയിട്ടുള്ളതെന്നും കൂടാതെ ഫയൽ Note-ലും plan-ലും പേരുള്ള സീൽ വച്ചിട്ടില്ലയെന്നത് സത്യമാണെന്നും മരാമത്തു പ്രവൃത്തികൾക്ക് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റേയും, site work-കളുടെയും തിരക്കുമൂലവും പേരുവച്ചുള്ള സീലിനു പകരം അസി.എഞ്ചിനിയർ എന്നുള്ള സീൽ വച്ചുപോയിട്ടുള്ളതാണെന്നും ആയത് മന:പൂർവ്വം ചെയ്തതല്ലയെന്നും അറിയിച്ചു

**രണ്ടാമത്തെ ആരോപണം**

കൊച്ചി നഗരസഭയിലെ പള്ളുരുത്തി വില്ലേജിൽ സർവ്വേ നം. 889/10-ൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച 5/52-453:10/7, നമ്പർ കെട്ടിടത്തിന് നിയമവിരുദ്ധമായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കിയതിന്മേലുള്ള പരാതിയിന്മേൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനയിൽ നിർമ്മാണം പൂർത്തികരിക്കാത്തതും KMBR 99-ലെ ചട്ടം 24(3), 24(8), 25(1) എന്നീ ചട്ടലംഘനമുള്ള കെട്ടിടത്തിന് കംപ്ലിഷൻ സർട്ടിഫിക്കറ്റും ഒക്യൂപൻസി സർട്ടിഫിക്കറ്റും നൽകിയത് അസി.എഞ്ചിനിയർ ശ്രീമതി റാണി എൻ.കെ.-യാണെന്ന് കണ്ടെത്തി.

**രണ്ടാമത്തെ ആരോപണത്തിൽ കുറ്റാരോപിത സമർപ്പിച്ച മറുപടിയിൽ,** കൊച്ചി നഗരസഭ പള്ളുരുത്തി ഓഫീസിന്റെ കീഴിൽ ശ്രീ.ഹാരിസി-ന്റെ ഉടമസ്ഥതയിലുള്ള Sy.No.889/1-ൽ പെട്ട

സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഗ്രൗണ്ട്ഫ്ളോറിന് (commercial) മുകളിൽ First Floor, Second Floor എന്നീ നിലകളിൽ Residential occupancy-യിൽ നിർമ്മാണം നടത്തുന്നതിന് 2017-ൽ നിർമ്മാണാനുമതി നല്കിയിരുന്നുവെന്നും ആയതിന്റെ First Floor പൂർത്തീകരിച്ച കക്ഷി completion plan ഹാജരാക്കിയതിന്മേൽ ഓവർസിയർ ശ്രീ.ജയകുമാർ സ്ഥലപരിശോധന നടത്തി KMBR-നു വിധേയമാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് occupancy certificate നൽകിയതെന്നും ടി സമയത്ത് വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ വന്നിട്ടുള്ളതിന്റെ കണക്കെടുക്കുന്നതിനും ദുരിതബാധിതരെ താമസിച്ചിരുന്ന കേന്ദ്രങ്ങളിലും duty ഉണ്ടായിരുന്നുവെന്നും ആയതിനാൽ Plan പ്രകാരം സൈറ്റ് പരിശോധിക്കുവാൻ സാധിച്ചിരുന്നില്ലയെന്നും MOR9-011802/20 നമ്പർ പ്രകാരം ടി കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, KMBR-99 Rule 24(5)-ന്റെ ചട്ടലംഘനം ഇല്ല എന്ന് കൊച്ചി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനിയർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ടി നിർമ്മാണത്തിൽ മറ്റു ലംഘനങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ occupancy റദ്ദ് ചെയ്ത് കെട്ടിട ഉടമയ്ക്ക് അറിയിപ്പ‌നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പ് 3669/ആർഎ1/09 തസ്വഭവ dtd.27/6/10-ലെ ഉത്തരവ് പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം സ്ഥലത്ത് അളവുകൾ ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് നേരിട്ട് സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണെന്നും കൂടാതെ അനുമതികളുടെ കാര്യത്തിൽ കീഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ 20%ൽ കുറയാതെ നേരിട്ടു പരിശോധന നടത്തി അനുമതി നൽകിയാൽ മതിയെന്നും അറിയിച്ചു.

**മൂന്നാമത്തെ ആരോപണം**

കൊച്ചി നഗരസഭ രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 1091/4-ൽ പെട്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങളുടെ ഒന്നാം നില പണിയുന്നതിനും മേൽക്കൂരപുതുക്കി പണിയുന്നതിനുമായി ശ്രീ.കെ.ജെ.ക്ലമന്റ്, സമർപ്പിച്ച അപേക്ഷയിൽ അന്നത്തെ ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീ.കെ.എൻ.ജയകുമാർ സ്ഥലപരിശോധന നടത്തി ശിപാർശ ചെയ്തത് പ്രകാരം കെട്ടിടനിർമ്മാണഅനുമതി 3 വർഷ കാലാവധിയോടു കൂടി അസി.എഞ്ചിനിയർ നൽകിയിരുന്നു. തുടർന്ന് ടി കെട്ടിട നിർമ്മാണ പ്രവർത്തനം KMBR ചട്ടം 100-ന് വിരുദ്ധമായാണ് നടക്കുന്നതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസ്സി.എഞ്ചിനിയർ നിർത്തിവെപ്പിച്ചിരുന്നു. തുടർന്ന് ടി വസ്തു ശ്രീ.അബ്ദുൽ അസ്സീസിന് കൈമാറ്റം ചെയ്യുകയും ടി കെട്ടിടം പണി പൂർത്തീകരിച്ച് റെഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷയിൽ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.കെ.എൻ.ജയകുമാർ സ്ഥലപരിശോധന നടത്തി ഗ്രൗണ്ട് ഫ്ലോർ KMBR 99 Rule 26, Table-4-ന് വിധേയമാണെന്നും അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് കെട്ടിട വിഭാഗം അസ്സി.എഞ്ചിനിയർ Occupancy Certificate അനുവദിച്ച് കൊടുത്തതായി വിജിലൻസ് കണ്ടെത്തി .

**മൂന്നാമത്തെ ആരോപണത്തിൽ കുറ്റാരോപിത സമർപ്പിച്ച മറുപടിയിൽ,** കൊച്ചി നഗരസഭ പള്ളുരുത്തി സോണൽ ഓഫീസിന്റെ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 1091/4-ൽ പെട്ട സ്ഥലത്ത് 23/2400, 23/2401 നമ്പർ പ്രകാരം (Revenue record) നിലവിലുണ്ടായിരുന്ന കെട്ടിടത്തിനു മുകളിൽ First Floor നിർമ്മിക്കുന്നതിനും, നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ

മേൽക്കൂര പുതുക്കി പണിയുന്നതിനും ശ്രീ.കെ.ജെ. ക്ലമന്റ് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ Rule 100 പ്രകാരം ഓവർസിയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി നല്കിയിരുന്നുവെന്നും തുടർന്ന് Rule 100-നു വിരുദ്ധമായ നിർമ്മാണം നിർത്തി വയ്ക്കുന്നതിന് 28/12/18-ൽ കെട്ടിടഉടമയ്ക്ക് stop memo നൽകിയിരുന്നുവെന്നും പിന്നീട് ടി ഡിവിഷന്റെ കൗൺസിലർ ഇടപെട്ട് charge ടിയാളിൽ നിന്നും മാറ്റുകയായിരുന്നുവെന്നും 28/12/2018-നു ശേഷം ടി ഫയൽ കൈകാര്യം ചെയ്തിട്ടില്ലായെന്നും തുടർന്ന് ശ്രീ.ജയകുമാർ എന്ന അസിസ്റ്റന്റ് എഞ്ചിനിയറും ഓവർസിയർ ശ്രീ.കെ.എൻ.ജയകുമാറും ടി ഫയൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞുവെന്നും രണ്ടു കൊല്ലത്തിനു ശേഷം 1/1/2020-ൽ ശ്രീ.അബ്ദുൾ അസ്സീസ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് ക്രമവൽക്കരിച്ചു ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ടി ഫയൽ സ്ഥല പരിശോധന നടത്തുന്നതിന് ഓവർസിയർ ശ്രീ.കെ.എൻ. ജയകുമാറിന് നൽകുകയും ടിയാൻ പരിശോധന നടത്തി ground floor KMBR-99 Rule 26, Table 4-നു വിധേയമാണെന്നും അംഗീകരിക്കാവുന്നതാണെന്നും, ക്രമവൽക്കുന്നതിനാവശ്യമായ Fee 1800/-രൂപ ഈടാക്കി occupancy നൽകാമെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ occupancy certificate അനുവദിച്ചു നൽകിയെന്നും ശ്രീ.കെ.ജെ.ക്ലമന്റ് ടിയാന്റെ സ്ഥലം ശ്രീ.അബ്ദുൾ അസീസ്, ശ്രീ.എ.എ.ഷമീർ എന്നിവർക്ക് 0.91 ആർ, 1.04 ആർ എന്നിങ്ങനെ ചെറു plot-കളായി തീറാധാരമായി നല്കിയിട്ടുണ്ടെന്നും അതിൽ ശ്രീ.അബ്ദുൾ അസീസിന്റെ 0.91 ആർ സ്ഥലത്ത് ടിയാൻ നടത്തിയിട്ടുള്ള നിർമ്മാണമാണ് ക്രമവൽക്കരിച്ച് occupancy certificate നല്കിയിട്ടുണ്ടെന്നും പിന്നീട് ശ്രീ.എ.എ.ബഷീർ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടവും ക്രമവൽക്കരിച്ചു Occupancy Certificate നല്കിയിട്ടുണ്ടെന്നും 22/4/2020-ൽ ആണ് ശ്രീ.അബ്ദുൾ അസീസിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് occupancy certificate നല്കിയിട്ടുള്ളതെന്നും തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പിന്റെ 14/10/2022 ലെ ആർബി1/321/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടി കെട്ടിടങ്ങളുടെ Occupancy Certificate സംബന്ധിച്ച വിഷയത്തിൽ തീർപ്പു വരുത്തി ടി വിഷയത്തിന്മേൽ തുടർ നടപടി ആവശ്യമില്ലെന്ന് ഉത്തരവായിട്ടുണ്ടെന്നും ടിയാൾ അറിയിച്ചു.

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ കുറ്റാരോപിത സമർപ്പിച്ച മറുപടിയിൽ സമർപ്പിച്ച പരാമർശം 7 അഭിപ്രായ റിപ്പോർട്ടിൽ** പരാതിക്കാസ്പദമായ SYP2-453/10/17 നമ്പർ ഫയൽ ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതിനാൽ പരിശോധനയ്ക്ക് ലഭിച്ചില്ലായെന്നും ഫയലോ ഫയലിന്റെ പകർപ്പോ ഹാജരാക്കുന്നതിന് കോർപ്പറേഷൻ അറിയിപ്പ് നൽകിയിരുന്നുവെങ്കിലും കോപ്പി എടുത്തു സൂക്ഷിയ്ക്കാതെയാണ് ഫയൽ ട്രൈബൂണൽ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലുള്ള ground floor വാണിജ്യാവശ്യകെട്ടിടത്തിന് മുകളിൽ രണ്ടു നിലകളിലായി താമസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് പെർമിറ്റ് നൽകിയിരിക്കുന്നതെന്നും പെർമിറ്റ് രജിസ്റ്ററിൽ തന്നെ ഒക്യുപൻസി നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ചതിൽ 14.09.2018-ൽ ഒന്നാം നിലയ്ക്കും സ്റ്റെയർ റൂമിനുമുള്ള ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെങ്കിലും കെട്ടിടം പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാം നിലയും പൂർണ്ണമായി നിർമ്മിച്ചിട്ടുള്ളതായും ശ്രീ.ജയകുമാർ നൽകിയ റിപ്പോർട്ട് പ്രകാരമാണ്

ഒക്യുപൻസി നൽകിയിട്ടുള്ളതെന്നും സ്ഥലപരിശോധന സമയത്ത് ഫസ്റ്റ്, സെക്കൻഡ് ഫ്ലോറുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നോ എന്നത് സംബന്ധിച്ച് വ്യക്തതയില്ലയെന്നും 27.06.2010 ലെ 3669//ആർ.എ.1/09/തസ്വഭവ സർക്കുലർ പ്രകാരം തെറ്റായി ഒക്യൂപൻസി പെർമിറ്റ് നൽകുന്നതിന്റെ ഉത്തരവാദിത്തം സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായതിനാൽ ശ്രീമതി റാണി എൻ.കെ. നൽകിയ മറുപടി അംഗീകരിക്കാവുന്നതാണെന്നും (ii) സമാനമായ നടപടികളാണ് SYP2-01/2020 ഫയലിലും ശ്രീമതി റാണി എൻ.കെ. സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീ.കെ.എൻ.ജയകുമാർ നൽകിയ റിപ്പോർട്ട് പ്രകാരം പെർമിറ്റ് അനുവദിക്കുകയും പിന്നീട് പ്രസ്തുത റിപ്പോർട്ടിൽ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിരുന്നുവെന്നും ഇപ്രകാരമിരിക്കെ പ്രസ്തുത സ്ഥലത്തിന്റെ പുതിയ ഉടമസ്ഥൻ ശ്രീ.അബ്ദുൾ അസീസ് നൽകിയ ക്രമവത്കരണ അപേക്ഷയിന്മേൽ ശ്രീ.ജയകുമാർ കെ.എൻ. നൽകിയ ശിപാർശ പ്രകാരം ഒക്യുപൻസി നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും പരിശോധനയിൽ ശ്രീ.ക്ലമന്റിന്റെ പേരിലുള്ള മുൻഫയൽ പരാതിക്കടിസ്ഥാനമായ ഫയലിനോട് അറ്റാച്ച് ചെയ്തിട്ടില്ലയെന്നും ഈ ഫയലിലും ശ്രീമതി റാണി എൻ.കെ. സ്ഥലപരിശോധന നടത്തിയിട്ടില്ല എന്നും എങ്കിലും കിഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിൻമേൽ 20% ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണെന്ന LSGD/PD/60945/2023-VIGC4 1/605707/2025 നിർദ്ദേശം പാലിക്കുന്നതിൽ ശ്രീമതി റാണിയുടെ ഭാഗത്ത് മന:പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഇപ്രകാരം മുൻ അസി.എഞ്ചിനീയർ ശ്രീമതി റാണി.എൻ.കെ.യ്ക്കെതിരായുള്ള കാരണം കാണിയ്ക്കൽ നോട്ടിസിൽ പരാമർശിയ്ക്കുന്ന രണ്ട് നിർമ്മാണങ്ങളുടേയും സ്ഥലപരിശോധന ടിയാൾ നടത്തിയിട്ടില്ലയെന്നും ഓവർസിയർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഒക്യുപെൻസി അനുവദിയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നും 27.06.2010 ലെ 3669/ആർ.എ1/09/തസ്വഭവ സർക്കുലർ പ്രകാരം തെറ്റായി ഒക്യുപൻസി പെർമിറ്റ് നൽകുന്നതിന്റെ ഉത്തരവാദിത്തം സ്ഥല പരിശോധന നടത്തിയ ഉദ്യാഗസ്ഥനിൽ നിക്ഷിപ്തമാണെങ്കിലും കീഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിൻമേൽ 20% ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കുന്നതിൽ ശ്രീമതി റാണി.എൻ.കെ.യുടെ ഭാഗത്ത് ബോധപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

**തുടർന്ന് 20.05.2025 ൽ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ വകുപ്പ് അണ്ടർ സെക്രട്ടറി കുറ്റാരോപിതയെ നേരിൽ കേട്ടു.** ഹിയറിങ്ങിൽ ചാലക്കുടി നഗരസഭയിൽ നിന്നും 2018-ൽ കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം കിട്ടിയപ്പോൾ 2018 പ്രളയത്തെ തുടർന്നു അധികചാർജ് ഉണ്ടായിരുന്നതിനാൽ കൊച്ചി നഗരസഭയിലെ കെട്ടിടങ്ങൾ വിശദമായി പരിശോധിക്കുവാൻ സാധിച്ചിരുന്നില്ലായെന്നും, പള്ളുരുത്തി സോണിലെ കെട്ടിടം 1st floor completion ഹാജരാക്കുകയും, തുടർന്ന് കണ്ടെത്തിയ ചട്ടലംഘനങ്ങളുടെ വെളിച്ചത്തിൽ Occupancy റദ്ദ് ചെയ്ത് അറിയിപ്പ് നൽകി എന്നും കുറ്റാരോപിത അറിയിച്ചു. അതുപോലെ പള്ളുരുത്തി സോൺ രാമേശ്വരം വില്ലേജിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കി പണിയുന്നതിനും ശ്രീ.കെ.ജെ.ക്ലമന്റ് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ Rule 100 പ്രകാരം ഓവർസിയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി

നല്കിയിരുന്നുവെന്നും തുടർന്ന് Rule 100-ന് വിരുദ്ധമായി നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കെട്ടിട നിർമ്മാണം നിർത്തിവയ്ക്കുന്നതിന് 28/12/18-ൽ കെട്ടിടഉടമയ്ക്ക് stop memo നൽകിയിരുന്നുവെന്നും 28/12/2018-ന് ശേഷം ടി ഫയൽ കൈകാര്യം ചെയ്തിട്ടില്ലായെന്നും അറിയിച്ചു.

കൂടാതെ, ചാലക്കുടി നഗരസഭയിൽ ശ്രീ.രഞ്ജിത് ജോസ്, ശ്രീ.ഷാജൻ മാത്യൂ എന്നിവർക്ക് കെട്ടിട നിർമ്മാണ അനുമതി നൽകിയതുമായി ബന്ധപ്പെട്ട കുറ്റാരോപണങ്ങളിൽ, ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും ഭൗതിക പരിശോധനയിലൂടെ വിവരങ്ങൾ ബോധ്യപ്പെടുന്നതിലും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി. റാണി. എൻ. കെ-യ്ക്ക് ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 8 അഭിപ്രായ റിപ്പോർട്ടിൽ അറിയിച്ചിരുന്നു.

വിജിലൻ സ് റിപ്പോർ ട്ട്, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട്, കുററാരോപിതയുടെ മറുപടി, പ്രിൻസിപ്പൽ ഡയരക്ടറുടെ അഭിപ്രായം, ഹിയറിംഗ് വേളയിൽ കുററാരോപിത ശ്രീമതി റാണി എൻ.കെ. ഉന്നയിച്ച വാദങ്ങൾ, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഒന്നാമത്തെ ആരോപണത്തിൽ ചാലക്കുടിനഗരസഭയിൽ ശ്രീ.രഞ്ജിത്ത് ജോസ്, ശ്രീ.ഷാജൻ മാത്യൂ എന്നിവരുടെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയ വിഷയത്തിൽ ഓവർസിയർ നൽകിയ റിപ്പോർട്ടിന്റെയും, ആധാരവും മറ്റും പരിശോധിച്ചതിന് ശേഷമാണ് അനുമതി നൽകിയത് എന്നുള്ളത് അംഗീകരിക്കാവുന്നതാണെങ്കിലും, ഫയൽ നോട്ടിലും, പ്ലാനിലും, മറ്റ് സർട്ടിഫിക്കറ്റുകളിലും, അസിസ്റ്റന്റ് എഞ്ചിനിയറുടെ പേര് രേഖപ്പെടുത്തണമെന്ന 30/10/12-ലെ 59177/ആർഎ1/2012/തസ്വഭവ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തത് അംഗീകരിക്കാവുന്നതല്ല. രണ്ടാമത്തെയും മൂന്നാമത്തെയും ആരോപണങ്ങളിൽ പള്ളുരുത്തി സോണിലെ രണ്ട് കെട്ടിടങ്ങളും അസി.എഞ്ചിനിയർ പരിശോധിക്കാതെ Completion certificate അനുവദിച്ച നടപടി കൃത്യ വിലോപമാണ്. ഓവർസിയർ പരിശോധിച്ചാലും ആയതിന്റെ 20% അസി.എഞ്ചിനിയർ cross check ചെയ്യേണ്ടതാണ്. പ്രസ്തുത രണ്ട് കെട്ടിടങ്ങൾക്കും ചട്ടലംഘനം സംഭവിച്ചിട്ടുള്ളത് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതിനാൽ, കീഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിൻമേൽ 20% ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കുന്നതിൽ ശ്രീമതി റാണി എൻ.കെ.യുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, 30.04.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച അസി.എഞ്ചിനീയർ ശ്രീമതി റാണി എൻ.കെ.-യ്ക്കെതിരെ KSR Part III Rule 59(b) പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ സ്ഥിരമായി കുറവ് ചെയ്യുക എന്ന ശിക്ഷ നല്കി ടിയാൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി റാണി എൻ.കെ. ,അസി.എഞ്ചിനീയർ (Rtd), കൊച്ചി നഗരസഭ. **(തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവു പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കുന്നതിനായി)**
3. വിജിലൻസ് (F) വകുപ്പ്
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ(RB) വകുപ്പ്( ടി വകുപ്പിൽനിന്നുള്ള 02.05.2019-ലെ RB2/80/19/LSGD നമ്പർ കുറിപ്പ് പ്രകാരം.)
6. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്(അറിവിലേയ്ക്കായി)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 17-04-2026 14:01:29
സെക്ഷൻ ഓഫീസർ